## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1986    05.10.2016-ൽ മറുപടിയ്ക്ക്

### കാളന്തട്ട കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള, മലപ്പുറം മണ്ഡലത്തിലെ കാളന്തട്ട കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ)<br>&<br>(ബി)<br>&<br>(സി) | ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ച കാളന്തട്ട കുടിവെള്ള പദ്ധതിയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് 23.05.2016-ൽ സർക്കാരിന് ലഭിക്കുകയും, 09.08.2016-ലെ ജി.ഒ.(ആർ.റ്റി)നം.676/ 2016/ജവിവ പ്രകാരം 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലത്തിന്റെ രേഖകളും, പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച മുൻസിപ്പാലിറ്റിയുടെ തീരുമാനവും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ 27.08.2016-ൽ മലപ്പുറം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിലുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കുമോ; | | |
| (സി) ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ